# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1592 02.07.2015-ൽ മറുപടിയ്ക്ക്

## അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഗീതാ ഗോപി | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പരിഷ്കരിച്ച സ്പെഷ്യൽ റൂൾ നടപ്പിൽ വരുത്തുന്നതിന്റെ കാലതാമസം വിശദമാക്കമോ : | (എ) കേരള ഗവൺമെന്റ് പ്രസസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തി കരട് സ്പെഷ്യൽ റൂൾസ് പബ്ളിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശം കൂടി ഉൾപ്പെടുത്തി വിഷയ നിർണ്ണയ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പ്രസ്തുത കരട് സ്പെഷ്യൽ റൂൾസ് നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ കമ്മിറ്റി നിർദ്ദേശം നൽകുകയും അതിൻപ്രകാരം നിയമ വകുപ്പിന് നൽകിയപ്പോൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം കൂടി ആരായുവാൻ നിയ |

വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് എത്രയും പെട്ടെന്ന് കരട് സ്പെഷ്യൽ റൂൾസ് ഫൈനലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത സ്പെഷ്യൽ റൂൾ നടപ്പാക്കാത്തതു കൊണ്ട് ഈ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും സ്ഥാനക്കയറ്റവും നിയമനങ്ങളും കോടതി വിധിയുടെ അടിസ്ഥാനത്തിൽ തടയപ്പെട്ടിട്ടുണ്ടോ യെന്നും പ്രശ്നം എങ്ങനെയാണ് പരിഹരിക്കുന്നതെന്നും വ്യക്തമാക്കാമോ ? | (ബി) | ഉണ്ട്<br>OP(KAT)Nos.106, 405 of 2014 and 2906 of 2013 മേലുള്ള ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ അച്ചടി വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും സ്ഥാനക്കയറ്റവും നിയമനങ്ങളും താൽക്കാലികമായി തടയപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശപ്രകാരം IA ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ